പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.318 | 27.02.2017 ൽ മറുപടിക്ക്

**കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ നവീകരണം**

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ നവീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | കുട്ടനാട് മേഖലയിലെ പുളിങ്കുന്ന് താലൂക്കാശുപത്രിയിൽ മറ്റേണിറ്റി യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ തുക 135 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നവീകരണത്തിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. |
| (ബി) | കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിനും മരുന്നുകൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | കുട്ടനാട്ടിലെ എല്ലാ ആശുപത്രികളിലും, സാമൂഹിക ആരോഗ്യ കേന്ദ്രം വെളിയനാട്, ചെമ്പുംപുറം, ചമ്പക്കുളം, പ്രാഥമിക ആരോഗ്യ കേന്ദ്രം രാമങ്കരി, മുട്ടാർ, എന്നിവിടങ്ങളിലും അനുവദനീയമായ തസ്തികകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രി പുളിങ്കുന്നിൽ മാത്രം 2 കൺസൾട്ടന്റുമാരുടെ (പീഡിയാട്രിക്) ഒഴിവുകൾ ശേഷിക്കുന്നുണ്ട്. ആയത് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി കൂടി പ്രൊമോഷൻ നടക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്.<br><br>കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകൾ എല്ലാം തന്നെ ലഭ്യമാണ്. അത്യാവശ്യ ഘട്ടങ്ങളിൽ ഏതെങ്കിലും മരുന്നിന്റെ ദൗർലഭ്യം നേരിട്ടാൽ ആശുപത്രി മേധാവികൾക്ക് തന്നെ ആയവ വാങ്ങുവാനുള്ള അധികാരവും നൽകിയിട്ടുണ്ട്.<br><br>'ആർദ്രം' ദൗത്യത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ പുളിങ്കുന്ന് താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ